## കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

## <u>പരീക്ഷാ രീതിയും സിലബസ്സും</u>

| | |
|---|---|
| തസ്തികയുടെ പേര് | - ആഫീസ് അറ്റൻഡന്റ്, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് |
| കാറ്റഗറി നമ്പർ | - 15/2018 |
| പരീക്ഷാ രീതി | - ഒബ്ജക്ടീവ് മാതൃകയിലുള്ള (ഒ.എം.ആർ മൂല്യനിർണ്ണയം) പരീക്ഷ |
| ചോദ്യ ഭാഷ | - മലയാളം |
| ആകെ ചോദ്യങ്ങൾ | - 100 |
| ആകെ മാർക്ക് | -100 |
| പരീക്ഷാ സമയം | -1 മണിക്കൂർ 15 മിനിട്ട് |

**കുറിപ്പ്** - തമിഴ്/കന്നട മാതൃഭാഷ അവകാശപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവർ ആവശ്യപ്പെടുന്ന പക്ഷം ഭാഷാ പരിജ്ഞാനം, ജനറൽ ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ ഒഴികെയുള്ള ചോദ്യ ഭാഗങ്ങൾ അതത് ഭാഷകളിലേയ്ക്ക് മൊഴി മാറ്റം ചെയ്ത ചോദ്യ പേപ്പർ നൽകുന്നതാണ്. ഭാഷ പരിജ്ഞാനം ബന്ധപ്പെട്ട ഭാഷകളിലേതായിരിക്കും

## <u>സിലബസ്സ്</u>

### പ്രധാന വിഷയങ്ങൾ

| | |
|---|---|
| പാർട്ട്-I | - ലഘു ഗണിതവും മാനസിക ശേഷിയും |
| പാർട്ട് II | - ജനറൽ സയൻസ് |
| പാർട്ട് III | - പൊതു വിജ്ഞാനവും ആനുകാലികവും |
| പാർട്ട് IV | - മലയാളം/തമിഴ്/കന്നട/-ഭാഷ പരിജ്ഞാനം |
| പാർട്ട് V | - ജനറൽ ഇംഗ്ലീഷ് |
| പാർട്ട് VI | - ക്ഷേത്രങ്ങൾ-കേരളീയ ക്ഷേത്ര കല ഹൈന്ദവ സംസ്കാരം - ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ - വിവിധ ദേവസ്വം ബോർഡുകൾ |

### പ്രധാന വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള വിശദമായ സിലബസ്സ്

## പാർട്ട്-I

## ലഘു ഗണിതവും മാനസിക ശേഷിയും

1. വിസ്തീർണ്ണവും, വ്യാപ്തവും
2. വിവിധ അളവുകൾ
3. ദൂരവും, സമയവും
4. തീയതിയും കലണ്ടറും
5. ദിശാവബോധം
6. ഒറ്റയാനെ കണ്ടെത്തൽ
7. അക്ഷര ശ്രേണി, സംഖ്യാ ശ്രേണി
8. ലാഭവും, നഷ്ടവും
9. ശതമാനം, ശരാശരി
10. സാധാരണ പലിശയും, കൂട്ടു പലിശയും
11. ദശാംശ സംഖ്യകളും, ഭിന്ന സംഖ്യകളും

## പാർട്ട് II

## ജനറൽ സയൻസ്

1. ജീവജാലങ്ങളും ആവാസ വ്യവസ്ഥകളും
2. പരിസ്ഥിതി സംരക്ഷണം, പ്രാധാന്യവും, പ്രസക്തിയും
3. പ്രകാശ സംശ്ലേഷണം
4. വിവിധ ഊർജ്ജ സ്രോതസ്സുകൾ – പ്രത്യേകതകൾ, സംരക്ഷണം
5. മനുഷ്യ ശരീര വ്യവസ്ഥകൾ – അവയുടെ ധർമ്മവും പ്രാധാന്യവും - ഉൾപ്പെടുന്ന അവയവങ്ങൾ
6. വിറ്റാമിനുകൾ അവയുടെ സ്രോതസ്സുകൾ- പോഷകാഹാരം-പ്രാധാന്യവും-സമീകൃതാഹാരം
7. വായു, ജല ജന്യ രോഗങ്ങൾ -പ്രതിരോധ മാർഗ്ഗങ്ങൾ
8. പ്രഥമ ശുശ്രൂഷ
9. വിവിധ ലോഹങ്ങൾ, ലോഹ സങ്കരങ്ങൾ-ഉപയോഗം
10. മൂലകങ്ങളും, സംയുക്തങ്ങളും

## പാർട്ട് III

## പൊതു വിജ്ഞാനവും ആനുകാലികവും

അന്തർ ദേശീയ/ദേശീയ തലങ്ങളിലെ രാഷ്ട്രീയ, സാമ്പത്തിക ശാസ്ത്രം, സ്പോർട്സ്, സിനിമ, സാഹിത്യം എന്നീ മേഖലകളിലെ പ്രധാന ആനുകാലിക സംഭവങ്ങൾ, വിവരങ്ങൾ. സാമൂഹ്യ, സാമ്പത്തിക, വ്യാവസായിക, സാങ്കേതിക വിവര/വിനിമയ കാർഷിക മേഖലകളിൽ

സ്വാതന്ത്ര്യാനന്തര ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ. വിവിധ രാജ്യങ്ങൾ-തലസ്ഥാനങ്ങൾ-ഭാഷകൾ. ഭാരതത്തിലെ സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ -ഭൂപ്രകൃതി - ഭാഷകൾ – സംസ്കാരം - പ്രധാന കാർഷിക വിളകൾ. കേരളത്തെക്കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ സാമൂഹ്യ ക്ഷേമ / സാമൂഹ്യസുരക്ഷാ പദ്ധതികൾ -നിയമങ്ങൾ. പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങൾ. കായിക കേരളം - ഒളിമ്പിക്സ് ഉൾപ്പെടെ വിവിധ മറ്റ് അന്തർദേശീയ/ദേശീയ മത്സരങ്ങളിലെ മലയാളി സാന്നിദ്ധ്യം - കൈവരിച്ച നേട്ടങ്ങൾ – അവാർഡ് ജേതാക്കൾ. മലയാളത്തിലെ അമൂല്യ ഗ്രന്ഥങ്ങൾ -സ്രഷ്ടാക്കൾ -മലയാള സാഹിത്യകാരൻമാർ – നിത്യ ഹരിത രചനകൾ – കഥാപാത്രങ്ങൾ. ദേശീയ/സംസ്ഥാന സാഹിത്യ പുരസ്കാരങ്ങൾ – പുരസ്കാര ജേതാക്കൾ -കൃതികൾ. പദ്മ പുരസ്കാരജേതാക്കൾ. കേരള നവോത്ഥാനം - നവോത്ഥാന നായകർ, പ്രസ്ഥാനങ്ങൾ, പ്രക്ഷോഭങ്ങൾ – വൈകുണ്ഠ സ്വാമികൾ -ശ്രീ നാരായണ ഗുരു - അയ്യൻകാളി - വി.ടി.ഭട്ടതിരിപ്പാട് - സ്വദേശാഭിമാനി രാമകൃഷ്ണപിള്ള - നിവർത്തന പ്രക്ഷോഭം - ചാന്നാർ പ്രക്ഷോഭം - വൈക്കം സത്യാഗ്രഹം - ഗുരുവായൂർ സത്യാഗ്രഹം -ക്ഷേത്ര പ്രവേശന വിളംബരം- പ്രധാന നാട്ടു രാജ്യങ്ങൾ – ഭരണാധികാരികൾ – തിരു കൊച്ചി സംയോജനം. കേരളപ്പിറവി - കേരള മാതൃകാ വികസനം- പഞ്ചായത്ത് രാജ്, ജനകീയാസൂത്രണം - കുടുംബശ്രീ.

**പാർട്ട് IV**

**ഭാഷാ പരിജ്ഞാനം Language Proficiency**

**മലയാളം/ തമിഴ്/ കന്നട Malayalam/Tamil/Kannada**

1. പദ, വാക്യാർത്ഥങ്ങൾ –Words, Sentence Meaning
2. വിപരീതപദം, പര്യായപദം- Antonyms, Synonyms
3. പദ ശുദ്ധി, വാക്യ ശുദ്ധി - Correct use of words, sentences
4. ശൈലികളും അവയുടെ അർത്ഥവും -Idioms and its meaning
5. വാക്യ പ്രയോഗം- Sentence making
6. നാനാർത്ഥം - Different meaning of same word
7. കൂട്ടത്തിൽപ്പെടാത്തത് കണ്ടെത്തുക – Odd man out
8.സ്ത്രീ ലിംഗം, പുല്ലിംഗം-Gender
9. വ്യാകരണം- അടിസ്ഥാന പരിജ്ഞാനം Grammar- Baisc Knowledge

10 ഏകവചനം, ബഹുവചനം (Singular, Plural)

## Part-V

## GENERAL ENGLISH

1. Words and Sentence Meaning
2. Antonyms and Synonyms
3. Different Meanings of Same Word
4. Singular, Plural
5. Gender
6. Noun, Verbs, Adjectives Tenses-Basic knowledge
7. Prepositions -Correct use of Prepositions
8. One word substitute
9. Spelling Test
10. Words, Sentence Correction

## പാർട്ട് VI

**ക്ഷേത്രങ്ങൾ, കേരളീയ ക്ഷേത്രകല, ഹൈന്ദവ സംസ്കാരം, ആചാരങ്ങൾ അനുഷ്ഠാനങ്ങൾ സാമാന്യ പരിജ്ഞാനം, വിവിധ ദേവസ്വം ബോർഡുകൾ**

ഭാരതത്തിലെ വിശിഷ്യാ കേരളത്തിലെ പ്രധാന ക്ഷേത്രങ്ങൾ – പ്രത്യേകതകൾ – പ്രതിഷ്ഠകൾ. ക്ഷേത്രോത്സവങ്ങൾ. ഹൈന്ദവ സംസ്കാരം - ആചാരാനുഷ്ഠാനങ്ങൾ ഹിന്ദു ആത്മീയ ആചാര്യൻമാർ - ഹൈന്ദവ മത ഗ്രന്ഥങ്ങൾ – വേദങ്ങൾ-പുരാണങ്ങൾ. ക്ഷേത്ര കലകൾ ക്ഷേത്ര വാദ്യങ്ങൾ – പ്രശസ്ത ക്ഷേത്ര വാദ്യ കലാകാരൻമാർ. ക്ഷേത്ര കലാപീഠങ്ങൾ. വിവിധ ദേവസ്വം ബോർഡുകൾ – ആസ്ഥാനം - ഭരണ ക്രമം - ഭരണ സാരഥികൾ. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് – ആവിർഭാവം- പ്രാധാന്യം - ചുമതലകൾ.

**കുറിപ്പ് - മുകളിൽ പരാമർശിച്ചിരിക്കുന്ന സിലബസ്സിന് പുറമെ ഈ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയുമായി ബന്ധപ്പെട്ട മറ്റ് ചോദ്യങ്ങളും ചോദ്യ പേപ്പറിൽ ഉണ്ടാകാം. കൂടാതെ പ്രധാന വിഷയങ്ങളിലെ ഉപ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന എല്ലാ വിഷയങ്ങളിലും ചോദ്യങ്ങൾ ഉണ്ടാകണമെന്ന് നിർബന്ധവുമില്ല.**

NOTE:- It may be noted that apart from the main topics in syllabus referred to above, questions from other topics related to the Educational Qualifications prescribed for the post may also appear in the question paper. There is no undertaking that all the topics mentioned under the sub-head "Main Topics" may be covered in the question paper.